## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4851. 26/06/2019 -ൽ മറുപടിക്ക്

### ഇലന്തൂർ കോളേജിന് ഭൂമിയും കെട്ടിടവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ഡോ.കെ.ടി.ജലീൽ ( ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** | |
| (എ) | ആറന്മുള മണ്ഡലത്തിലെ ഇലന്തൂർ ആർട്സ് ആന്റ് സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കൽ നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | ഇലന്തൂർ സർക്കാർ കോളേജിന് വേണ്ടി കേരള ഖാദി ബോർഡിന്റെ അധീനതയിലുള്ള 3 ഏക്കർ സ്ഥലം കേരളാ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ 03.07.2015-ലെ കെ.ബി.3189/ 2014/VI/HMP നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന് വിട്ടു നൽകാൻ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. സ്വകാര്യ വ്യക്തികളിൽ നിന്നും കോളേജിന് വേണ്ടി 2 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | കെട്ടിടത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നിർമ്മാണ പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ